**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 701** **23-02-2022 - ൽ മറുപടിയ്ക്ക്**

**യുവ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് യുവ സഹകരണസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഉണ്ട്. ബഹു.ഗവർണ്ണറുടെ 28-05-2021 ലെ നയപ്രഖ്യാപന പ്രസംഗത്തിൽ യുവജനങ്ങൾക്കായി 25 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആയത് സർക്കാരിന്റെ ഒന്നാം നൂറ്ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയും, 30 യുവജന സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടിപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. ടി സംഘങ്ങൾ സംരംഭക മേഖലകളിൽ പ്രവർത്തിക്കുന്നവയാണ്. യുവ സംരംഭകരെയും സേവന ദാതാക്കളെയും സഹകരണ മേഖയിലേയ്ക്കും സഹകരണ തത്വങ്ങളിലേയ്ക്കും ആകർഷിക്കുന്നതിനും, സഹകരണ മേഖലയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കി തൊഴിൽ സാധ്യത ഉറപ്പാക്കി നാടിനും സമൂഹത്തിനും സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ടി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ഓരോ സംഘത്തിനും 10 ലക്ഷം രൂപ വീതം അനുവദിച്ച് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ യുവജന സഹകരണ സംഘങ്ങൾക്കായി സഹകരണ തത്വങ്ങൾ, അക്കൗണ്ടിംഗ്, സംരംഭകത്വം എന്നീ വിഷയങ്ങൾ സംബന്ധിച്ച് 3 ദിവസത്തെ ഓൺലൈൻ പരിശീലന പരിപാടി തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് മുഖേന സംഘടിപ്പിച്ചിരുന്നു. യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സംഘം പ്രതിനിധികളുടെ അവലോകനം ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാരും സംസ്ഥാന തലത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെയും ആഭിമുഖ്യത്തിൽ നടത്തുകയും, അവർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ